## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 923

10.02.2016 ന് മറുപടിയ്ക്ക്.

# തൊഴിൽ നൈപുണ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. സി.കെ.നാണു :<br>ശ്രീ. ജോസ് തെറ്റയിൽ : :<br>ശ്രീ. മാത്യു റ്റി.തോമസ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാര ത്തിൽ വന്ന ശേഷം തൊഴിൽ അന്വേഷകർക്ക് തൊഴിൽ നൈപുണ്യം നൽകാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചു വിശദാംശങ്ങൾ നൽകുമോ? | (എ) തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിച്ചുവരുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ചു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി തൊഴിലന്വേഷകർക്ക് കൗൺസിലിംഗും പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കുകയും ചെയ്തു വരുന്നു.<br><br>തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായിട്ടുള്ള സർക്കാർ കേന്ദ്രങ്ങളായിട്ടാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആവിഷ്കരിച്ചിട്ടുള്ളത്. അതുവഴി തൊഴിലന്വേഷകർക്ക് ആവശ്യമായ നൈപുണ്യ പരിശീലനവും ഭാഷാപരിശീലനവും നൽകി തൊഴിൽ ദാതാക്കളുമായി ബന്ധപ്പെടുത്തുന്നു. 2013-14 ൽ കൊല്ലം എറണാകുളം കോഴിക്കോട് എന്നീ ജില്ലകളിലും 2014-2015 ൽ പാലക്കാട്, കണ്ണൂർ ജില്ലകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി പരിശീലനം നടത്തുകയും, 2015-16 ൽ ആലപ്പുഴ, കോട്ടയം ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായി എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയും ചെയ്യുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) -ന്റെ കീഴിൽ, നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE ( Nursing Institute for Career Enhancement ) |

എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു. അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.